# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3025 — 11/12/2014 ൽ മറുപടിക്ക്

### RMSA (രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) RMSA (രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകളുടെ നടത്തിപ്പിന് ഇപ്പോൾ അനുഭവപ്പെടുന്ന വിഷമതകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥിരം അദ്ധ്യാപക നിയമനം, ആർ.എം.എസ്.എ നോംസിന് പുറമെയുള്ള അദ്ധ്യാപകരുടെ ശമ്പളം, സമാന്തര ഡിവിഷനുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ ശമ്പളം, കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ സംബന്ധിച്ചുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടുണ്ട്. 60 സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി പ്രാരംഭഘട്ടത്തിലാണ്. നിർമ്മാണം ദ്രുതഗതിയിലാക്കാൻ ആർ.എം.എസ്.എ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.എം.എസ്.എ നോംസിന് പുറമെയുള്ള അദ്ധ്യാപകർക്ക് ശമ്പളം സംസ്ഥാന ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള നപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) എങ്കിൽ അവ പരിഹരിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ